LIBRARY ARCHIVES Kerala Legislative Assembly

സൗജന്യ വൈദ്യുതി കണക്ഷൻ

35 (7871) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യമായി വൈദ്യുതിയും വൈദ്യുതി കണക്ഷനും നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇത്തരത്തിലുള്ള സൗജന്യ പദ്ധതികൾ നടപ്പാക്കുന്നതെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇത്തരത്തിലുള്ള എത്രപേർക്ക് കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും, കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള എസ്സിഎസ്.റ്റി വിഭാഗക്കാർക്കും ബോർഡ് സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. കൂടാതെ മറ്റ് വിഭാഗക്കാർക്ക് RGGVY പദ്ധതിയിൽപ്പെടുത്തി ഒ.എച്ച്. ലൈനുകൾ നിർമ്മിച്ച് വെതർ പ്രൂഫ് കണക്ഷൻ വേണ്ട ഇക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അപേക്ഷ നൽകിയിട്ടുള്ള എല്ലാ ബി.പി.എൽ. വിഭാഗക്കാർക്കും 1000 വാട്ട്സിൽ താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കും ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ സൗജന്യമായി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രതിമാസ ഉപയോഗം 20 യൂണിറ്റിൽ താഴെയുള്ള ഉപഭോക്താക്കൾക്കും ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ജീവൻ നിലനിർത്തുന്ന രോഗികൾക്കും വൈദ്യുതി സൗജന്യം നൽകിവരുന്നു.

(സി) ഇത്തരത്തിലുള്ള 1,16,425 അപേക്ഷകർക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

നാട്ടിക നിയോജക മണ്ഡലത്തിലെ ഗാർഹിക കണക്ഷൻ അപേക്ഷകൾ

36 (7872) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപേക്ഷ ലഭിച്ചാൽ ഉടൻതന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ ഗാർഹിക കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം സെക്ഷൻ ഓഫീസുകൾ തിരിച്ച് അറിയിക്കുമോ ;

(സി) കാലതാമസം കൂടാതെ കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 പ്രകാരം, അപേക്ഷകൻ/ അപേക്ഷക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുകയും ആവശ്യമായ ഫീസ അടയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ (മറ്റ് തർക്കങ്ങൾ ഒന്നുമില്ലെങ്കിൽ), ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ അപേക്ഷ സ്വീകരിച്ച് ഒരു മാസത്തിനുള്ളിലും എൽ.റ്റി. ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ ആദ്യത്തെ ഒരു കിലോമീറ്റർ വരെ 45 ദിവസത്തിനുള്ളിലും നൽകേണ്ടതാണ്. ഒരു കിലോമീറ്ററിൽ കൂടുതൽ നീളത്തിലുള്ള എൽ.റ്റി. ലൈൻ ആവശ്യമുണ്ടെങ്കിൽ കൂടുതലായി വരുന്ന ഓരോ കിലോമീറ്ററിനും 15 ദിവസം വീതം കൂടുതലായി അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി കഴിയുന്നതും വേഗം കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) തളിക്കുളം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വലപ്പാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ മൂന്ന് അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. ഈ ആറ് സർവ്വീസ് കണക്ഷനുകൾക്കും പ്രോപ്പർട്ടി ക്രോസിംഗ്മൂലം തടസ്സം നിലനിൽക്കുന്നതിനാൽ പ്രശ്നപരിഹാരത്തിനായി എ.ഡി.എം.-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കണക്ഷനുകൾ നൽകാനാവുകയുള്ളൂ.

വയനാട് ജില്ലയിലെ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

37 (7873) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വയനാട് ജില്ലയിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly